# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3438     14-03-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>" ജോൺ ഫെർണാണ്ടസ്<br>" വി. ജോയി<br>" എം. മുകേഷ്: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) അളവ് തൂക്കങ്ങളുടെ കാര്യത്തിൽ കൃത്യതയും നിലവാരവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) അളവ് തൂക്ക ഉപകരണങ്ങൾ വാർഷിക പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തി മുദ്ര ചെയ്യുന്നു. തുടർച്ചയായി വ്യാപാര കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുന്നു. |
| (സി) ഉപഭോക്താക്കളെ വിവിധ ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | (സി) ദൃശ്യ-ശ്രവ്യ വാർത്താ മാധ്യമങ്ങളിലൂടെ പരസ്യം നൽകുന്നു. ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| (ഡി) അളവ് തൂക്കത്തിൽ ക്രമക്കേട് കാണിക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി നിയമപ്രകാരം എന്തെല്ലാം ശിക്ഷാ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) 1. വകുപ്പ് തലത്തിൽ തീർപ്പാക്കാവുന്ന കേസുകൾക്ക് രാജിഫീസ് ഈടാക്കി തീർപ്പാക്കുന്നു.<br>2. കോടതി നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ